Draft #1 of File 41401/ASSISTANT DASP/2019/DASTP Approved by DEPUTY REGISTRAR on 13-Dec-2019 10:54 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

DASP യുടെ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട അവധിദിന പ്രവർത്തിക്കു പകരമായി നഷ്ടപരിഹാര അവധിക്ക് അപേക്ഷിക്കുന്ന ഡിപ്പാർട്ട്മെന്റിലെ / സെന്ററിലെ സ്ഥിരം ജീവനക്കാർക്ക്, അതാത് ഡിപ്പാർട്ട്മെന്റ് / സെന്റർ തലവന്മാരുടെ ശിപാർശയിന്മേൽ നഷ്ടപരിഹാര അവധി അനുവദിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

Directorate for Applied Short Term Programmes

നമ്പർ. 6465/DASTP/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 16.12.2019

---

പരാമർശം:-1. സ.ഉ.നമ്പർ: 4732/DASTP/2019/എം.ജി.യു തീയതി 05.10.2019

2. ശ്രീ. പ്രകാശ് സി.കെ, ഓഫീസ് അറ്റൻഡന്റ്, കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ്, എം.ജി.യു,15.10.2019 ൽ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

DASP യുമായി ചേർന്ന് സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റുകൾ / സെന്ററുകൾ നടത്തിവരുന്ന ഹ്രസ്വകാല പ്രോഗ്രാമുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് / സെന്ററിലെ ജീവനക്കാർക്ക് (ലാബ് അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡർ, ലാബ് അറ്റൻഡർ, etc.) അവധി ദിനങ്ങളിൽ ഹാജരാകേണ്ടി വരുന്നുണ്ട്. ഇവരിൽ ഓഫീസ് അറ്റൻഡർ / ലാബ് അറ്റൻഡർമാർക്ക് 600/- രൂപയും ലാബ് അസിസ്റ്റന്റ്മാർക്ക് 700/- രൂപയും ഓരോ അവധിദിന പ്രവർത്തിക്കും പ്രതിഫലം നൽകാൻ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ അവധിദിന പ്രവർത്തിക്കുള്ള പ്രതിഫലത്തിനു പകരമായി നഷ്ടപരിഹാര അവധി ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ ഓഫീസ് അറ്റൻഡർ ശ്രീ. പ്രകാശ് സി.കെ അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ വിഷയം പരിഗണിച്ച് , DASP യുടെ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട അവധിദിന പ്രവർത്തിക്കുള്ള പ്രതിഫലത്തിനു പകരമായി നഷ്ടപരിഹാര അവധിക്ക് അപേക്ഷിക്കുന്ന ഡിപ്പാർട്ട്മെന്റിലെ / സെന്ററിലെ ലാബ് അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡർ, ലാബ് അറ്റൻഡർ, etc. തുടങ്ങിയ സ്ഥിരം ജീവനക്കാർക്ക്, അതാത് ഡിപ്പാർട്ട്മെന്റ് / സെന്റർ തലവന്മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓരോ അവധിദിന പ്രവർത്തിക്കും പകരമായി ഒരു അവധി എന്ന വ്യവസ്ഥയിൽ നിയമപ്രകാരം അനുവദിക്കാവുന്ന നഷ്ടപരിഹാര അവധി അനുവദിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തി വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അശോകൻ എൻ കെ

ഡെപ്യൂട്ടി രജിസ്ട്രാർ

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവികൾ / സെന്റർ ഡയറക്ടർമാർ
2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ പി.എ
4. ഡയറക്ടർ (i/c), DASP
5. റെക്കോർഡ്സ് സെക്ഷൻ
6. കരുതൽ ഫയൽ / ഫയൽ പകർപ്പ്

Draft #1 of File 41401/ASSISTANT DASP/2019/DASTP Approved by DEPUTY REGISTRAR on 13-Dec-2019 10:54 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം